# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.835 — 01.03.2017-ൽ മറുപടിയ്ക്ക്

**സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ: | **ശ്രീ.എ.കെ. ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവുംപാർലമെന്ററികാര്യവും വകുപ്പ മന്ത്രി** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാംസ്കാരിക വകുപ്പ് അവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (KIIFB) യുടെ സാമ്പത്തിക സഹായത്തോടെ താഴെപ്പറയുന്ന മൂന്ന് ബൃഹത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>(i) എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയം.<br>(ii) കേരളത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കായി ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽ സ്ഥിരം വേദി.<br>(iii) തിരുവനന്തപുരത്തെ ചിത്രാഞ്ജലി സ്റ്റുഡിയോ അന്താരാഷ്ട്ര ഫിലിം സിറ്റിയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി.<br>(iv) 2017-18 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തീയേറ്ററുകൾ ആരംഭിക്കാനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (ബി) കിഫ്ബി ഫണ്ടുപയോഗിച്ച് നിർവ്വഹിക്കുന്ന പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവും കിഫ്ബിയുടെ മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ഓരോ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിലുള്ള സാസ്കാരിക സമുച്ചയത്തിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**